"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ജീവനക്കാര്യം - അന്തരിച്ച കൃഷി ഓഫീസർ ശ്രീ. വി.വി.രാജീവ് - ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഇ എ) വകുപ്പ്

സ.ഉ.(സാധാ) നം.888/2024/AGRI തീയതി,തിരുവനന്തപുരം, 24-09-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24.11.07 ലെ SVC (1) 69804/07 നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 28.04.2010 ലെ SVC (1) 69804/07 നമ്പർ നടപടിക്രമം
3. സ.ഉ.(സാധാ)നം.16/2020/കൃഷി തീയതി 09/01/2020
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/05/2024 ലെ ADFW/4641/2022-SD3 നമ്പർ കത്ത്

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൽ കൃഷിഭവനിൽ കൃഷി ഓഫീസറായിരിക്കെ ശ്രീ. വി.വി.രാജീവ് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തുകയും വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടിയാൻ ആകെ 2,54,883/- രൂപയുടെ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ **പരാമർശം (1)** പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും (24-11-2007 മുതൽ 27-04-2010 വരെ) വിശദമായ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണത്തിന് സർക്കാരിൽ ശുപാർശ നൽകുകയും ചെയ്തതിനെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ യൂണിറ്റിന് VC 02/09/TSR നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ടിയാന്റെ മേൽ സാമ്പത്തിക ക്രമക്കേടായി ആരോപിച്ചിരുന്ന 2,54,883/- രൂപ തിരിച്ചടയ്ക്കാൻ ടിയാൻ തയ്യാറാണെന്നും ആയതിന് അനുമതി നൽകണമെന്നും തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ **പരാമർശം (2)** പ്രകാരം ടിയാനെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തു. വകുപ്പുതല നടപടിയുടെ ഭാഗമായി ശ്രീ .വി.വി രാജീവിന് കുറ്റപത്രം നൽകുകയുണ്ടായി. എന്നാൽ ടിയാൻ പ്രതിവാദ പത്രിക സമർപ്പിക്കാതിരുന്നതിനാൽ 1960-ലെ KCS(CC &A) ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവായെങ്കിലും ടിയാൻ 09.07.2017-ന് മരണപ്പെട്ടതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചു എങ്കിലും, ടിയാൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ ടിയാന്റെ ബാധ്യത കണക്കാക്കി ടിയാനെ അറിയിക്കുകയോ ടിയാന്റെ ഭാഗം കേൾക്കുകയോ ചെയ്തിട്ടില്ലാത്തതിനാലും, ടിയാൻ മരണപ്പെട്ട സാഹചര്യവും കണക്കിലെടുത്ത് ശ്രീ .വി.വി രാജീവിനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് **പരാമർശം (3)** പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ശ്രീ. വി.വി.രാജീവിനെതിരെയുള്ള **VC 02/09/TSR** നമ്പർ കേസ് ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ **CC 24/10** നമ്പരായി വിചാരണ ആരംഭിച്ചു എന്നും ശ്രീ. വി.വി.രാജീവ്, തൃശ്ശൂർ ജില്ലയിലെ തൈക്കാട് കൃഷിഭവനിൽ കൃഷി ഓഫീസറായിരിക്കെ **09.07.2017**-ൽ മരണപ്പെട്ടുവെന്നും മരണ സർട്ടിഫിക്കറ്റ് വിചാരണ കോടതിയിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് അവസാനിപ്പിച്ച് കോടതി ഉത്തരവായിട്ടുണ്ടെന്നും ആയതിനാൽ ടിയാനെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് തങ്ങൾക്ക് അവകാശപ്പെട്ട കുടുംബപെൻഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി.വി.രാജീവിന്റെ ഭാര്യ ശ്രീമതി ബിന്ദു. പി.കെ അപേക്ഷ സമർപ്പിച്ചിരിക്കുന്നുവെന്നും. എന്നാൽ ടിയാന്റെ ബാദ്ധ്യത തുകയായ **2,54,883/-** രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ബാദ്ധ്യത തുക നിലനിൽക്കുന്നുവെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിക്കുകയും കക്ഷിക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് അർഹതപ്പെട്ട കുടുംബപെൻഷൻ അനുവദിക്കണമെന്ന ടിയാന്റെ ഭാര്യ സമർപ്പിച്ച അപേക്ഷ അനുകൂല നടപടികൾക്കായി **പരാമർശം (4)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സർവ്വീസിലിരിക്കെ **09/07/2017** ന് മരണപ്പെട്ട രാജീവ് വി.വി , കൃഷി ഓഫീസറുടെ **24-11-2007** മുതൽ **27-04-2010** വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു. കൂടാതെ **28-04-2010** മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള **KSRs Part I Rule-56B(9)Note-2** പ്രകാരം പ്രവേശന കാലമായോ (**KSRs Part I Rule-127** പ്രകാരം അർഹമായ കാലയളവ് മാത്രം) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി ബിന്ദു. പി.കെ, W/O രാജീവ് വി.വി (Late) (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ് (**No.: Agri-B2/25/2021-FIN (1691983) dtd 31.08.2024**)
വിജിലൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (**AGRI-EA2/198/2024-AGRI**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്